**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5044** **14-03-2023 - ൽ മറുപടിയ്ക്ക്**

**ആഗോള ഉത്തരവാദിത്ത വിനോദസഞ്ചാര ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം സംഘടിപ്പിച്ച പ്രഥമ ഉച്ചകോടിയുടെ വേദി കേരളത്തിന് ലഭിച്ചത് സംസ്ഥാനത്തെ ടൂറിസം വികസത്തിന് ലഭിച്ച അംഗീകാരമായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് . സംസ്ഥാന ടൂറിസം വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 25 മുതൽ 28 വരെ കോട്ടയം കുമരകത്ത് വച്ച് പ്രഥമ ആഗോള ഉത്തരവാദിത്ത ടൂറിസം ഉച്ചകോടി നടന്നു.<br><br>യുഎൻ വുമൺ- ഇന്ത്യ, കൺട്രി റെപ്രസെന്റേറ്റീവ്, മിസ്.സൂസൻ ഫെർഗുസൺ- റെസ്പോൺസിബിൾ ടൂറിസം പാർട്ണർഷിപ്പ്, വേൾഡ് ട്രാവൽ മാർക്കറ്റ്-ന്റെ ഉത്തരവാദിത്ത ടൂറിസം ഉപദേഷ്ടാവ്, ഡോ. ഹാരോൾഡ് ഗുഡ്വിൻ ഉൾപ്പെടെ യു.കെ, ആസ്ട്രേലിയ, ഗാംബിയ, മലേഷ്യ, ശ്രീലങ്ക, തായ്വേ-തൈവാൻ എന്നിവിടങ്ങളിൽ നിന്നുള്ള 10 പ്രമുഖ ഇന്റർനാഷണൽ പ്രഭാഷകർ ഉൾപ്പെടെ ഇന്ത്യയിൽ നിന്നുള്ള ഉത്തരവാദിത്ത/സുസ്ഥിര ടൂറിസം രംഗത്തെ പ്രമുഖരായ 50- ൽ പ്പരം പ്രഭാഷകർ ഉച്ചകോടിയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ടൂറിസം ഉദ്യോഗസ്ഥർ, ടൂറിസം ഇൻഡസ്ട്രി പ്രതിനിധികൾ, ബുക്കിംഗ് ഡോട്ട് കോം പോലുള്ള ഓൺലൈൻ ട്രാവൽ പോർട്ടൽ പ്രതിനിധികൾ, എൻ ജി ഒ പ്രതിനിധികൾ, ആക്ടിവിസ്റ്റുകൾ, എന്നിങ്ങനെ വിവിധ മേഖലയിലുള്ള ഡെലിഗേറ്റുകൾ ഈ ഉച്ചകോടിയിൽ പങ്കെടുത്തിരുന്നു.<br><br>രണ്ടാം കേരള ഉത്തരവാദിത്ത ടൂറിസം ഡിക്ലറേഷൻ നടത്തുന്നതിനൊപ്പം, ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട വിവിധ ചർച്ചകളും, പ്രസന്റേഷനുകളും ആഗോള സമ്മിറ്റിൽ നടത്തുകയുണ്ടായി . ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിയുടെ ഭാഗമായി , കേരള ടൂറിസവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള കരട് ധാരണാപത്രം യു എൻ വിമൺ ഉച്ചകോടിയിൽ ഒപ്പ് വച്ചു . |

| | | | |
|---|---|---|---|
| (ബി) | ലോക വിനോദസഞ്ചാര മേഖലകളെ ഒരുമിപ്പിച്ച് ഒരേ ലക്ഷ്യത്തിലേയ്ക്ക് നയിക്കുന്നതിന് ആഗോള ഉത്തരവാദിത്ത വിനോദസഞ്ചാര ഉച്ചകോടി വിഭാവനം ചെയ്യുന്നുണ്ടോ; ഇത് സംസ്ഥാനത്തെ ടൂറിസം വ്യവസായത്തിൽ സമൂലമായ മാറ്റത്തിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; അറിയിക്കുമോ; | (ബി) | വിനോദ സഞ്ചാരമേഖലയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പ്രസ്തുത ഉച്ചകോടി സഹായകമാകുമെന്ന് കരുതുന്നു . പ്രസ്തുത ഉച്ചകോടിയിൽ കേരളം ഉത്തരവാദിത്ത ടൂറിസം മേഖലയിൽ ആർജ്ജിച്ച എല്ലാ നേട്ടങ്ങളും അവതരിപ്പിക്കപ്പെട്ടു. ഇതിന് പുറമേ നമ്മുടെ രാജ്യത്തെ വിവിധ ഉത്തരവാദിത്ത - സുസ്ഥിര ടൂറിസം മാതൃകകളും സാർവ്വദേശീയ മാതൃകകളും അവതരിപ്പിക്കപ്പെട്ടു. ഇവയുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി ഇനി മുതൽ കേരളം നടപ്പാക്കാൻ ആഗ്രഹിക്കുന്ന കേരള ഉത്തരവാദിത്ത ടൂറിസം പ്രഖ്യാപനം നടന്നു . ഇവ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ലോക ഉത്തരവാദിത്ത ടൂറിസത്തിന്റെ മാതൃകാ കേന്ദ്രമാക്കി കേരളത്തെ ശ്രദ്ധേയമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുമെന്ന് കരുതുന്നു . |
| (സി) | പ്രസ്തുത ഉച്ചകോടിയിലെ പങ്കാളിത്ത രാജ്യങ്ങളിൽ കേരള ടൂറിസത്തിന്റെ സൗകര്യങ്ങളും സുരക്ഷിതത്വവും വൈവിധ്യങ്ങളും സംബന്ധിച്ച് അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; അതുമൂലം വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനുള്ള ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | പ്രസ്തുത ഉച്ചകോടിയിലെ പങ്കാളിത്ത രാജ്യങ്ങളിൽ കേരള ടൂറിസത്തിന്റെ സൗകര്യങ്ങളും സുരക്ഷിതത്വവും വൈവിധ്യങ്ങളും സംബന്ധിച്ച് അവബോധം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിയുടെ ഭാഗമായി, ഉത്തരവാദിത്ത ടൂറിസത്തിന്റെ നേതൃത്വത്തിൽ കേരള ടൂറിസവുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള കരട് ധാരണാപത്രം യു എൻ വിമൺ ഉച്ചകോടിയിൽ ഒപ്പ് വയ്ക്കുവാൻ സാധിച്ചു, ഇതിലൂടെ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനും അതിലൂടെ കുറഞ്ഞത് അൻപത് ലക്ഷം വനിതാ സഞ്ചാരികളെ കേരളത്തിൽ എത്തിക്കാൻ കഴിയുമെന്നും കരുതുന്നു. ലോകത്തെ വിനോദസഞ്ചാര മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളിലൊന്നായ ബുക്കിംഗ് ഡോട്ട്കോമുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള കരട് ധാരണാപത്രം ഒപ്പ് വയ്ക്കുവാനും പരസ്പരം സഹകരിച്ച് പ്രവർത്തിക്കുവാനാകും എന്ന് പ്രഖ്യാപിക്കാനുമായി. ഇതിലൂടെ കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വൻ വർധവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നോട്ട് ഓൺ മാപ്പ്, വില്ലേജ് വെയ്സ്, ഗ്ലോബൽ ഹിമാലയൻ എക്സ്പെടിഷൻസ് പോലുള്ള ഇന്ത്യയിലും വിവിധ ഏഷ്യൻ രാജ്യങ്ങളിലും പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സംയുക്ത പ്രഖ്യാപനം നടത്താനായി. പ്രസ്തുത ഉച്ചകോടിയിൽ പങ്കെടുത്ത |

| | | | |
|---|---|---|---|
| | | | പ്രഭാഷകരെല്ലാം തന്നെ വിനോദ സഞ്ചാര മേഖലയിലെ അക്കാദമീഷൻ, ടൂർ ഓപ്പറേഷൻ, മാർക്കറ്റിംഗ്, കൂടാതെ വിവിധ കമ്പനികൾക്ക് നേതൃത്വം നല്കുന്നവരൊക്കെയാണ്. ഇവരുടെയെല്ലാം വരവ് കേരളത്തിലെ വിനോദ സഞ്ചാര പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും, മാർക്കറ്റിംഗ് ചെയ്യുന്നതിനും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലേക്കും തദ്ദേശീയ ടൂറിസം പ്രവർത്തനങ്ങളിലേക്കും കൂടുതൽ സഞ്ചാരികളെ എത്തിക്കാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുപുറമെ വിവിധ സംസ്ഥാനങ്ങളിൽ ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥർ ഇതിന്റെ ഭാഗമായിട്ടുണ്ടായിരുന്നു, ടി സംസ്ഥാനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം മിഷനുമായി ചേർന്ന് പ്രവർത്തിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ